# Malayala Manorama
# 29 August 2018
# Kochi, Flood, Relief Camps, Food

## വേണമെങ്കിൽ ഭക്ഷണം ആകാശം വഴിയും

**മനോരമ ലേഖകൻ**

**കൊച്ചി** • ദുരിതാശ്വാസ ക്യാംപിലേക്കു കൊണ്ടുപോയ ഭക്ഷണം പോകുന്ന വഴിയിൽ തീർന്നുപോയാൽ എന്തു ചെയ്യും? അങ്കമാലി എംഎൽഎ റോജി എം. ജോണിനോടാണു ചോദ്യമെങ്കിൽ ഹെലികോപ്ടർ വിളിച്ചു വരുത്തി ഭക്ഷണമെത്തിക്കും എന്നായിരിക്കും മറുപടി. അത്തരത്തിൽ എംഎൽഎയുടെ ശ്രമഫലമായി പ്രളയബാധിത മേഖലയിലെത്തിയ ഹെലികോപ്ടർ ഭക്ഷണപ്പൊതികൾ താഴെ വെള്ളക്കെട്ടിലേക്ക് എറിയുന്ന വിഡിയോ സമൂഹ മാധ്യമങ്ങളിൽ തരംഗമായി.

പ്രളയം ദുരിതം വിതച്ച ദിവസങ്ങളൊന്നിൽ പാറക്കടവ് പഞ്ചായത്തിലെ പൂവത്തുശേരിയിലെ ഒരു പള്ളിയിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാംപിൽ ഭക്ഷണവും വെള്ളവും ലഭിക്കുന്നില്ലെന്ന വിവരം എംഎൽഎയ്ക്കു ലഭിച്ചു. ക്യാംപിൽ രണ്ടായിരന്ന അത്തരം ക്യാംപംഗങ്ങൾക്ക് എംഎൽഎയുടെ സംഘം കൊണ്ടുവന്ന ബ്രെഡും വെള്ളവും കൊടുത്തു. കുറേ പ്രദേശങ്ങളിൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തതോടെ ടോറസ് ലോറി കാലിയായി.

തിരിച്ചുപോയി സാധനങ്ങൾ എടുത്തുകൊണ്ടു വരാൻ പ്രയാസമാണ്. ദുരിതാശ്വാസ ക്യാംപിൽ തങ്ങളെ കാത്തിരിക്കുന്ന രണ്ടായിരത്തോളം ആളുകളെ പട്ടിണിക്കിടാൻ എംഎൽഎയ്ക്കു മനസ്സുവന്നില്ല. ഒടുവിൽ റോജി എം. ജോൺ കലക്ടറുമായി ബന്ധപ്പെട്ടു ഹെലികോപ്ടർ സഹായം ലഭ്യമാക്കണമെന്നഭ്യർഥിച്ചു. കറുകുറ്റിയിലെ നവ്യ ബേക്കറിയുടെ ഉടമ സൗജന്യമായി ഭക്ഷണ സാധനങ്ങൾ നൽകാമെന്നും അറിയിച്ചു. ഒടുവിൽ നേവിയുടെ ഹെലികോപ്ടർ ലഭിക്കുമെന്ന അറിയിപ്പ് ലഭിച്ചു. അൽപ സമയത്തിനകം ഭക്ഷണപ്പൊതികളുമായി ഹെലികോപ്ടർ അവർ നിന്ന സ്ഥലത്തിനു മുകളിലെത്തി.